# SSLC SECOND TERM EXAM 2023 DEC

Malayalam I Answer Key

www.educationobserver.com

| Qn No | Ans |
|---|---|
| 1 | അഹങ്കാരം |
| 2 | മിഥ്യയായ ധാരണ |
| 3 | പ്രഭാതം |
| 4 | കയ്യിൽ പണം ഇല്ലാത്തത് |
| 5 | അകലെ, ഒരിടത്ത് |
| 6 | രണ്ടു വരിയിലും ഒരേ അക്ഷരക്രമം പാലിച്ചിട്ടുണ്ട്<br>അലങ്കാര ഭംഗി<br>ദ്വിതീയാക്ഷരപ്രാസം. |
| 7 | മകനെ കുട്ടിക്കാലത്ത് കുളിപ്പിച്ചതും അപ്പൻറെ ശവം കുളിപ്പിച്ചതും |
| 8 | പുലർച്ചയ്ക്ക് മുമ്പ് ഒരു ദുസ്വപ്നത്തിൽ നിന്ന് ഞെട്ടി ഉണർന്നു.<br>വെറുതെ പുറത്തിറക്കി നടക്കാനാണ് അപ്പോൾ തോന്നിയത്. |
| 9 | അധികാരങ്ങളും പ്രതാപങ്ങളും ഇല്ലാതായിപ്പോയെതിരെ<br>അപകർഷതാബോധവും നിരാശയും<br>കലിയുടെ പ്രലോഭനത്തിന് അടിപ്പെട്ട പുഷ്ക്കരന് മനസ്സിൽ തോന്നുന്ന<br>നളനോടുള്ള അമർഷം. |
| 10 | മെത്രാൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ.<br>കരുണ സഹാനുഭൂതി.<br>കുറ്റവാളികളുടെ മനസ്സ് മാറ്റാനുള്ള സമീപനം.<br>ഭൂമിയിലെ സർവ്വ വസ്തുക്കളും എല്ലാവർക്കും ഒരുപോലെ<br>അവകാശപ്പെട്ടതാണെന്നും വിലപിടിപ്പുള്ളവർ എല്ലാവർക്കും ആയി പങ്കിട്ട്<br>നൽകുകയാണ് വേണ്ടത് എന്നുള്ള ചിന്തകൾ. |
| 11 | എസ് കെ പൊറ്റക്കാടിന്റെ ജീവിതാനുഭവങ്ങൾ അദ്ദേഹത്തിൻറെ<br>എഴുത്തിനെ സ്വാധീനിച്ചിട്ടുണ്ട്.<br>തൻറെ വാഗ്വിലാസങ്ങൾ കത്തിന് കൊഴുപ്പ് കൂട്ടുകയും അത് ഫലം കണ്ടത്<br>കൂടുതൽ എഴുതാനുള്ള പ്രേരണയാവുകയും ചെയ്യുന്നു.<br>അനുഭവങ്ങൾ സൃഷ്ടിക്കുന്ന വികാരങ്ങളാണ് സാഹിത്യം<br>പുനരാവിഷ്കരിക്കുന്നത്. |
| 12 | ജീവിതം സന്തോഷം മാത്രം നിറഞ്ഞതല്ല. ദുഃഖങ്ങളും പ്രതിസന്ധികളും<br>അതിൻറെ അവിഭാജ്യ ഘടകങ്ങളാണ്. കണ്ണീരിന്റെ ഉപ്പാണ്<br>ജീവിതപലഹാരത്തിന് രുചികൂട്ടുന്നത്. സഹിക്കാൻ ഒന്നുമില്ലാതെ,<br>കഷ്ടപ്പാടില്ലാതെ ജീവിക്കുമ്പോൾ ജീവിതത്തിലെ സന്തോഷങ്ങളും<br>സൗഭാഗ്യങ്ങളും പൂർണമായി അനുഭവിക്കാൻ സാധിക്കുകയില്ല.<br>പ്രതിബന്ധങ്ങൾ ജീവിതയാത്രയെ പ്രതിസന്ധിയിലാക്കുകയും സ്വന്തം<br>പ്രയത്നം കൊണ്ട് അതിനെ മറികടക്കുകയും ചെയ്യുമ്പോഴാണ് ജീവിതം<br>പൂർണമായ അർത്ഥത്തിൽ നമുക്ക് ആസ്വദിക്കാൻ കഴിയുന്നത് രണ്ടു<br>വരികളിലും സമാന ആശയമാണ് പ്രതിപാദിച്ചിരിക്കുന്നത്. |
| 13 | മനുഷ്യൻ ജീവിക്കുന്ന കാലത്തോളം മനുഷ്യമനസ്സിലെ പക<br>അവസാനിക്കുന്നില്ല.<br>ചെറിയ പക പോലും വലിയ യുദ്ധങ്ങളെ സൃഷ്ടിക്കുന്നു.<br>ചിരഞ്ജീവിയും സർവ്വവ്യാപിയുമായ അശ്വത്ഥാമാവിനെ മനുഷ്യനിൽ<br>കുടികൊള്ളുന്ന പകയുടെ പ്രതീകമായി വിശേഷിപ്പിച്ചതിന്റെ ഔചിത്യം. |

| | |
|---|---|
| 14 | ശരൺകുമാർ ലിംബാളെ അനുഭവിച്ച വലിയ കഷ്ടപ്പാടുകൾ.<br>മുത്തശ്ശിയോടൊപ്പം ചവർ പൊറുക്കാൻ പോയി ജീവിക്കേണ്ടിവന്ന സാഹചര്യം.<br>അപ്പോഴും തൻറെ ആഗ്രഹങ്ങൾ സഫലമാക്കാൻ ആർജ്ജിച്ചെടുത്ത മൂല്യങ്ങൾ കൈവെടിയാതിരിക്കാൻ അദ്ദേഹം ശ്രദ്ധിക്കുന്നു.<br>വീണു കിട്ടിയ 30 രൂപയേക്കാൾ വിലയുള്ളത് സത്യത്തിന് ആണെന്നും സ്വന്തം ആഗ്രഹങ്ങൾ പണം നഷ്ടപ്പെട്ട ആളുടെ വേദനയേക്കാൾ വലുതെല്ലെന്നും മനസ്സിലാക്കി ദാരിദ്ര്യവസ്ഥയിലും അദ്ദേഹം സത്യസന്ധത പുലർത്തുന്നു. |
| 15 | ഉപന്യാസഘടന പാലിച്ചുകൊണ്ട് സമകാലിക സാഹചര്യത്തിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങളുടെ കെടുതികളും കഷ്ടപ്പാടും വിവരിച്ചു കൊണ്ടും ലോകത്ത് നടക്കുന്ന എല്ലാ യുദ്ധങ്ങളിലും ആത്യന്തികമായി ആരും വിജയിക്കുന്നില്ലെന്നും മനുഷ്യരാശിയാണ് എല്ലാ യുദ്ധങ്ങളിലും പരാജയപ്പെടുന്നതെന്നും വിവരിച്ചുകൊണ്ട് യുദ്ധത്തിൻറെ പരിണാമം എന്ന പാഠത്തിലെ സമാന ആശയമുള്ള ഭാഗങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഉപന്യസിക്കുക |
| 16 | വെള്ളായിയപ്പൻ എന്ന തനി നാടൻ കർഷകൻ പ്രകൃതിയുടെ ഭാഗമാണ്. അവന്റെ ജീവിതം പ്രകൃതിയുടെ താളമാണ്. വെള്ളയപ്പന് നിരക്ഷരനാണെങ്കിലും ക്ലോക്കില്ലാതെ സമയം കൃത്യമായി പറയാൻ കഴിയും. സൂര്യന്റെയും ചന്ദ്രന്റെയും സാന്നിധ്യം ഉൾപ്പെടെയുള്ള പ്രകൃതിയുടെ വ്യതിയാനങ്ങളാണ് വെള്ളയ്യപ്പന് സമയബോധം നൽകുന്നത്. അനവധി ദുരിതങ്ങൾ സഹിച്ച ദയയുള്ള മനുഷ്യനാണ് അദ്ദേഹം.<br>ചെയ്യാത്ത കുറ്റത്തിന് മകൻ ജയിലിൽ കഴിയുന്ന ആളാണ് കഥയിലെ വെള്ളയപ്പൻ. അയാൾക്ക് ജയിലിൽ നിന്ന് ഒരു കത്ത് കിട്ടി, വീട്ടിൽ നിന്ന് ഭക്ഷണം എടുത്ത് അവനെ കാണാൻ പുറത്തേക്ക് പോകുന്നു. കണ്ണൂർ ജയിലിൽ നിന്നും വന്ന ഒരു മഞ്ഞക്കടലാസ് കിട്ടുന്നതോടെയാണ് വെള്ളായിയപ്പൻ യാത്രയാവുന്നത്.<br>അയാളുടെ വാമൊഴി, കഥാപാത്രങ്ങളുടെ ചിത്രങ്ങൾക്ക് മിഴിവേകുവാൻ സഹായിക്കുന്നു. വെള്ളയപ്പൻ സംസാരിക്കുന്ന രീതി അദ്ദേഹത്തിന്റെ പശ്ചാത്തലം, സംസ്കാരം, വിദ്യാഭ്യാസം എന്നിവ നമുക്ക് വെളിവാക്കി തരുന്നു. |
| 17 | അനുയോജ്യമായ തലക്കെട്ട് നൽകുക. കവിയെക്കുറിച്ചും ഇതര കൃതികളെക്കുറിച്ചും ആമുഖത്തിൽ പരാമർശിക്കുക കവിതയുടെ ആശയവും പ്രയോഗ ഭംഗികളും അലങ്കാര ഭംഗികളും സമകാലിക പ്രസക്തിയും സൂചിപ്പിച്ചുകൊണ്ട് അക്ഷരക്രമവും സൗന്ദര്യവും വർണ്ണിച്ചുകൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക |